# പതിനാലാം കേരള നിയമസഭ

## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3838** **20/10/2016-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കുന്നതിന് പദ്ധതി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. അനിൽ അക്കര<br>ശ്രീ. അടൂർ പ്രകാശ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിനായി എത്ര തുകയാണ് ചിലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് 2016-17 വർഷം 10,000 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സർക്കാർ ധനസഹായത്തോടെ (50%) നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് സമർപ്പിച്ച 1640 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) ഭവനം നിർമ്മിക്കുന്നതിന് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്, വിവരിക്കുമോ; | ബി) ഭവനരഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം അനുവദിക്കുന്നതിനായി 2016-17 വർഷം 10,000 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്<br><br>ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി പ്രകാരം വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ സംസ്ഥാനത്ത് 800 വീടുകൾ നിർമ്മിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ പദ്ധതി സമർപ്പിച്ചിട്ടു ണ്ട്. |
| സി) ഇതിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | സി) ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടു ലഭിയ്ക്കുന്നതിന് അർഹതപ്പെട്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചു വരുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

1. അപേക്ഷകൻ യഥാർത്ഥ മത്സ്യത്തൊഴിലാളി ആയിരിക്കണം .
2. അപേക്ഷകൻ സ്വന്തമായി വീടുള്ള ആളായിരിക്കരുത്.
3. സ്വന്തമായി ഭൂമിയുള്ള അപേക്ഷകന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
4. അപേക്ഷകൻ ദാരിദ്ര്യ രേഖയ്ക്ക് /വാർഷിക കുടുംബ വരുമാനം 60,000 രൂപയിൽ താഴെയുള്ള ആളായിരിക്കണം.
5. ലഭിക്കുന്ന സാമ്പത്തിക സഹായം വിനിയോഗിച്ച് 35 സ്ക്വയർ മീറ്ററിൽ കുറയാത്ത ഭവനം സ്വന്തം മേൽനോട്ടത്തിൽ നിർമ്മിക്കേണ്ടതാണ്.
6. ജാതി, വരുമാനം , ഭൂമി കൈവശാവകാശം എന്നിവ തെളിയിക്കുന്നതിന് റവന്യൂ/ വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റും തൊഴിൽ തെളിയിക്കുന്നതിന് ഫിഷറീസ് ഉദ്യോഗസ്ഥനിൽ നിന്നും ഉള്ള സർട്ടിഫിക്കറ്റും ഹാജരാക്കണം
7. മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.
8. താമസിച്ചു കിട്ടുന്നത് /അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചു ഒപ്പിടാത്തത് / ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
9. പ്രകൃതി ക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർക്ക് അതിന് തെളിവ് ഹാജരാക്കണം.
10. അപേക്ഷകന് 18 വയസ്സിൽ കുറയുവാനും 60 വയസ്സിൽ കൂടുവാനും പാടുള്ളതല്ല.(വിവാഹിതരായിരിക്കണം)
11. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിഹിതം പൂർണ്ണമായും അടച്ചു തീർത്തിരിക്കണം.
12. സാമ്പത്തിക സഹായം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗഡുക്കളായി മാത്രമേ അപേക്ഷകന് നൽകുകയുള്ളൂ. സ്റ്റേജ് സർട്ടിഫിക്കറ്റ് ഫിഷറീസ് ഉദ്യോഗസ്ഥൻ സമർപ്പിക്കേണ്ടതാണ്.
13. ലഭിക്കുന്ന അപേക്ഷയിന്മേൽ നടത്തുന്ന അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അർഹരായവരുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത ലിസ്റ്റിൽ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല ബെനിഫിഷ്യറി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.
14. സാമ്പത്തിക സഹായത്തിന്റെ ഒന്നാം ഗഡു ലഭിച്ച തീയതി മുതൽ 6 മാസത്തിനകം നിർമ്മാണം പൂർത്തിയാ ക്കേണ്ടതാണ്.
15. അനുവദിക്കാനുള്ള യൂണിറ്റുകളേക്കാൾ കൂടുതൽ അപേക്ഷകൾ ഉള്ള പക്ഷം നറുക്കെടുപ്പിലൂടെയായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.
16. എന്നാൽ ഓരോ ജില്ലയിലും ആകെയുള്ള യൂണിറ്റുകളുടെ 90% മാത്രമേ ഇത്തരത്തിൽ അനുവദിക്കുകയുള്ളൂ.
17. ബാക്കിയുള്ള 10% അങ്ങേയറ്റം പരിഗണന അർഹിക്കുന്ന എന്നാൽ നറുക്കെടുക്കപ്പെടാത്ത അപേക്ഷകളുണ്ടെങ്കിൽ സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് അത്തരക്കാർക്ക് അനുവദിക്കുന്നതാണ്.

സെക്ഷൻ ആഫീസർ